# കേരള സർക്കാർ
# പൊതുവിദ്യാഭ്യാസ വകുപ്പ്

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 - 2026

**ബി.ജെ.എസ്.എം. മഠത്തിൽ വി.& എച്ച്.എസ്.എസ്.**

**തഴവ നോർത്ത്, കുതിരപന്തി പി. ഒ.**

**വിദ്യാഭ്യാസ ഉപജില്ല: കരുനാഗപ്പള്ളി**

**വിദ്യാഭ്യാസ ജില്ല : കൊല്ലം**

## ആമുഖം

കൊല്ലം ജില്ലയുടെ വടക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്ന തഴവ ഗ്രാമപഞ്ചായത്തിലാണ് BJSM Madathil V&Hss . പാഠ്യപാഠ്യേതര രംഗത്ത് സംസ്ഥാന തലത്തിൽ തന്നെ മാതൃകയായി നില കൊള്ളുന്ന സ്കൂൾ ആണിത്. വർഷങ്ങളായി SSLC , HSS ,VHSS തലങ്ങളിൽ ഉന്നത വിജയം നേടുന്ന ഒരു സ്ഥാപനം ആണിത്.ദേശീയ സംസ്ഥാന തലങ്ങളിൽ വിവിധ സ്കോളർഷിപ്പ് മത്സരപരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിനു സാധിച്ചിട്ടുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധ വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യം ഒരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും. പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി ടി യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ നാട്ടുകാർ ജനപ്രതിനിധികൾ ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു കൂടാതെ ഹരിത ഭംഗിയാർന്ന ജൈവസമ്പന്നതയിൽ അലങ്കൃതമായ ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ സ്കൂളിന്റെ മുഖമുദ്രയാണ് സ്കൂൾ തന്നെ പാഠപുസ്തകം എന്ന വിശാലമായ ആശയം ഇവിടെ സ്വാർത്ഥകമാകുന്നു. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിലുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ് ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠിയതര പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്...

സ്കൂൾ രൂപം കൊടുത്ത വികസന സെമിനാറിന്റെ ലക്ഷ്യങ്ങൾ കൂടി സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മാറുമെന്ന് പ്രതീക്ഷിക്കാം. പൊതുവിദ്യാലയത്തിന്റെ മികവുകൾ സമൂഹമാധ്യത്തിലെത്തിക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ ഹരിത വിദ്യാലയം പരിപാടിയിൽ പങ്കെടുത്ത സ്കൂളിന്റെ മികവുകൾ അവതരിപ്പിക്കാനും ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട് എന്ന് സന്തോഷപൂർവ്വം അറിയിക്കട്ടെ.

## മലയാളം (ഹൈസ്കൂൾ വിഭാഗം)

### ആമുഖം

മനുഷ്യരുടെ ആശയവിനിമയ ഉപാധികളിൽ മുഖ്യമായതും സാംസ്കാരിക ഘടകങ്ങളിൽ ഏറെ പ്രധാനപ്പെട്ടതും സംസ്കാരത്തെ പ്രതിഫലിക്കുന്നതുമായ മാധ്യമമാണ് ഭാഷ. മാതൃഭാഷാ പഠനം കുട്ടിയെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമുള്ളതാണ്. ചിന്താശക്തി, ആശയവിനിമയത്തിനുള്ള കഴിവ് ഇവയൊക്കെ രൂപപ്പെടുന്നത് മാതൃഭാഷയിലൂടെയാണ്. വിദ്യാഭ്യാസലക്ഷ്യങ്ങളിൽ ഒന്നായ സമഗ്ര വ്യക്തി വികാസത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നതിൽ സുപ്രധാന പങ്ക് വായനയ്ക്കുണ്ട്. പാഠപുസ്തകങ്ങൾക്കപ്പുറം വായനയുടെ ലോകത്തിലേക്ക് പ്രവേശിച്ച് വിദ്യാർത്ഥികളുടെ സർഗാത്മക ശേഷി വികസിതമാക്കാനുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. അഞ്ചു മുതൽ 10 വരെ ക്ലാസുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപു ണികളും ഓരോരുത്തരുടെയും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുകയാണ് ലക്ഷ്യമാക്കുന്നത്. കൂടാതെ കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുകയും അവരിൽ വായനയുടെ സംസ്കാരം വളർത്തിയെടുക്കുകയും ചെയ്യേണ്ടത് അത്യാവശ്യം ആണ്.

### പ്രവർത്തനം 1 അക്ഷരം ഉറപ്പിക്കൽ

*ലക്ഷ്യം- ഭാഷ നന്നായി കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക.*

കുട്ടികളുടെ പഠനനില മനസ്സിലാക്കുന്നു അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നു. വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികളെ കണ്ടെത്തുകയും അക്ഷരങ്ങൾ ഉറപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുകയും ചെയ്യുന്നു. തുടർന്ന് വാക്കുകളിലേക്കും വാക്യങ്ങളിലേക്കും എത്തിക്കൽ. ടെസ്റ്റ് നടത്തി പോരായ്മകളും കണ്ടെത്തൽ. പോരായ്മകൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കൽ.

***കാലയളവ് : ജൂൺ മുതൽ മാർച്ച് വരെ( ദീർഘകാല പ്രവർത്തനം )***

***ചുമതല- ഭാഷാധ്യാപകർ, ക്ലാസ് ടീച്ചർ, കുട്ടികൾ***

### പ്രവർത്തനം 2 മലയാളം അസംബ്ലി

*ലക്ഷ്യം: മലയാളഭാഷയിലെ ആശയവിനിമയ സാധ്യത*

ആഴ്ചയിൽ രണ്ടുദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ ചുമതല ഏറ്റെടുത്ത പ്രവർത്തനങ്ങൾ അവതരിപ്പിക്കൽ

***കാലയളവ് :* ദീർഘകാല പ്രവർത്തനം( ആഴ്ചയിൽ രണ്ടുദിവസം )**

**ചുമതല- കുട്ടികൾ, ക്ലാസ് ടീച്ചർ**

### പ്രവർത്തനം- 3 വായന പരിപോഷിപ്പിക്കുന്നതിന് വേണ്ടി ലൈബ്രറി ശാക്തീകരണം

*ലക്ഷ്യം: കുട്ടികളിൽ വായനാശീലം വളർത്തുക, വ്യവഹാര രൂപത്തിൽ ആവിഷ്കരിക്കൽ*

കുട്ടികൾ ലൈബ്രറി സന്ദർശിച്ച് പുസ്തകങ്ങൾ പരിചയപ്പെടൽ. തുടർന്ന് ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ വിതരണം ചെയ്യുന്നു അതിന്റെ അടിസ്ഥാനത്തിൽ വായനക്കുറിപ്പ് തയ്യാറാക്കുന്നു മികച്ച വായനക്കുറിപ്പിന് സമ്മാനം നൽകുന്നു സ്കൂളുകളിൽ വായന കോർണർ ഒരുക്കുന്നു.

***കാലയളവ് : ജൂൺ മുതൽ മാർച്ച് വരെ(ദീർഘകാല പ്രവർത്തനം)***

***ചുമതല- ഭാഷ അധ്യാപകർ,ക്ലാസ് ടീച്ചർ***

### പ്രവർത്തനം 4 ക്ലാസ്സ് തല കയ്യെഴുത്തു മാഗസിൻ

*ലക്ഷ്യം: ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവുകൾ നേടുക.*

ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് കയ്യെഴുത്ത് മാഗസിനും, പതിപ്പും തയ്യാറാക്കൽ

***കാലയളവ് : ദീർഘകാല പ്രവർത്തനം- (എല്ലാ മാസവും )***

***ചുമതല-ക്ലാസ് ടീച്ചർ, ഭാഷാ ധ്യാപകർ***

**പ്രവർത്തനം 5 പിറന്നാളിനൊരു ഒരു പുസ്തകം.**

ലക്ഷ്യം: പുസ്തകങ്ങൾ പരിചയപ്പെടാനും, ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും സാധിക്കും.

കുട്ടികളുടെ പിറന്നാൾ ദിന സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം നൽകുക എന്നതാണ് ഈ പദ്ധതി.

***കാലയളവ് :* ദീർഘകാല പ്രവർത്തനം( ജൂൺ മുതൽ മാർച്ച് വരെ)**

**ചുമതല - ക്ലാസ് അധ്യാപകൻ, ലൈബ്രേറിയൻ.**

**പ്രവർത്തനം 6 കുട്ടികളുടെ സർഗാത്മക രചനയ്ക്കുള്ള അവസരമൊരുക്കൽ.**

ലക്ഷ്യം: കുട്ടികളിൽ സർഗ്ഗശേഷി വളർത്തുക.

കുട്ടികളുടെ സർഗാത്മകത കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. അവരുടെ രചനകൾ( കഥ കവിത, ലേഖനം, ചിത്രരചന( ഭിന്നശേഷി കുട്ടികൾക്ക് കൂടുതൽ പ്രാധാന്യം നൽകൽ ) ഉൾക്കൊള്ളിച്ച് പതിപ്പുകൾ തയ്യാറാക്കുന്നു. ക്ലാസ്സിൽ സർഗ്ഗ വേള നടത്തുന്നു.

***കാലയളവ് :* ദീർഘകാല പ്രവർത്തനം. ( ഓരോ ടേമിലും)**

**ചുമതല: വിദ്യാരംഗം, ഭാഷാ ക്ലബ്ബ്.**

**പ്രവർത്തനം 7 രചനക്കൂട്ടം**

ലക്ഷ്യം- ആശയങ്ങൾ വിവിധ വ്യവഹാര രൂപത്തിൽ ആവിഷ്കരിക്കൽ.

വിവിധ വ്യവഹാര രൂപങ്ങളിൽ( ആസ്വാദനം,കവിത രചന, കഥാരചന, പുറന്താൾ പതിപ്പ്, പ്രഭാഷണം, എഡിറ്റോറിയൽ) എഴുതാനുള്ള ശേഷി വർദ്ധിപ്പിക്കുന്നു.

**കാലയളവ് : ദീർഘകാല പ്രവർത്തനം( ജൂൺ മുതൽ മാർച്ച് വരെ)**

**ചുമതല: ഭാഷാ അധ്യാപകർ, പിടിഎ( സാമ്പത്തികം)**

**പ്രവർത്തനം 8 അക്ഷര ക്ലിനിക്**

ലക്ഷ്യം: അർത്ഥ പൂർണ്ണമായ എഴുത്ത്, ഭാഷാശേഷി വർദ്ധിപ്പിക്കൽ

തെറ്റുകൾ തിരുത്താൻ ക്ലാസിൽ ക്രമീകരിക്കുന്ന ക്ലിനിക് ആണിത്. കേട്ടെഴുത്ത് നടത്തുന്നു ചിഹ്നങ്ങൾ പുതിയ പദങ്ങൾ പഴഞ്ചൊല്ലുകൾ ശൈലികൾ, നുറുങ്ങുകൾ എന്നിവ പരിചയപ്പെടുത്തുന്നു.

**കാലയളവ് : ദീർഘകാല പ്രവർത്തനം( ജൂൺമുതൽ മാർച്ച് വരെ)**

**ചുമതല: ഭാഷാ അധ്യാപകർ.**

**ആറബിക്ക് (ഹൈസ്കൂൾ വിഭാഗം)**

**ആമുഖം**

മനുഷ്യന് ലഭിച്ചിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട സിദ്ധിവിശേഷമാണ് ഭാഷ. ലോകത്തിലുള്ള മനുഷ്യരൊക്കെ വ്യത്യസ്തങ്ങളായ ഭാഷ സംസാരിക്കുന്നവരാണ്. ഐക്യരാഷ്ട്ര സഭ ഔദ്യോഗിക ഭാഷകളായി അംഗീകരിച്ച ആറ് ഭാഷകളിലൊന്നാണ് അറബി. ഇംഗ്ലീഷ്, ഫ്രഞ്ച്, റഷ്യൻ, ചൈനീസ്, സ്പാനിഷ് എന്നിവയാണ് മറ്റു ഭാഷകൾ. ഡിസംബർ 18 ഐക്യരാഷ്ട്ര സഭയുടെ ആഹ്വാന പ്രകാരം എല്ലാ വർഷവും അറബി ഭാഷ ദിനമായി ആചരിക്കപ്പെടുന്നു. ലോകത്തെ 60 രാജ്യങ്ങളിലായി 242 മില്യൺ ജനങ്ങൾ അറബി നിത്യേന അവരുടെ ഭാഷയായി ഉപയോഗിച്ചുവരുന്നു.ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നിങ്ങനെ ലോകത്തെ എല്ലാ ഭാഷകളും അറബിയാൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ട്28 അക്ഷരങ്ങൾ ആണ് അറബിയിലുള്ളത്. അ ഇ ഉ അ് എന്നീ നാല് വർണ്ണങ്ങളാണ് അറബി ഭാഷയിൽ ഉള്ളത്.

അകാരം - ഫതഹ്, ഇകാരം - കസറ, ഉകാരം - ദ്വമ്മ, അ്കാരം- സുകൂൻ എന്നിവയാണിത്. മറ്റ് ഭാഷകളിലെന്ന പോലെ അറബിയിലും അതിന്റെ പ്രാധാന്യം വലുതാണ്.

നൂറ്റാണ്ടുകൾക്ക് മുന്നേ തന്നെ കേരളവും അറേബ്യയുമായി വ്യാപാരം നിലനിന്നിരുന്നു. അക്കാരണത്താൽ മലയാളത്തിൽ അറബി,പേർഷ്യൻ വാക്കുകൾ കടന്നുകൂടിയിട്ടുണ്ട്. അറേബ്യയുമായി വ്യാപാരം നിലനിന്നിരുന്നു. മലയാളത്തിലേക്ക് ആദാനം ചെയ്യപ്പെട്ട ചില അറബി പദങ്ങൾ തിരുത്തുക ബാക്കി, മുൻസിഫ്, ഹിജാബ്, അമ്പാരി, ജില്ല, താലൂക്ക്, തഹസിൽ, മുക്ത്യാർ, മഹസ്സർ, വക്കീൽ, വക്കാലത്ത്, റദ്ദ്, ഹാജർ, തവണ, മരാമത്ത്, ഖജാൻജി, താരീഫ്, , വസൂൽ, ഹജൂർ, ഉറുമി, കവാത്ത്, കറാർ, മാരി, യുനാനി, ജുബ്ബാ, ഉറുമാൽ, കീശ, അത്തർ, അക്ക, വാപ്പ, ഉമ്മ, ഇങ്കിലാബ്, സലാം, മാമൂൽ,നിക്കാഹ്, തലാക്ക്, തകരാർ, ബദൽ, മാപ്പ്, കാപ്പിരി, സായിപ്പ്, ഖലാസി...തുടങ്ങി അനേകം പദങ്ങൾ.

**പ്രവർത്തനം 1 അക്ഷരം പരിചയപ്പെടൽ**

**ലക്ഷ്യം**

എല്ലാ കുട്ടികൾക്കും അറബിക് ഭാഷ വായിക്കുവാനും എഴുതുവാനും ഉള്ള കഴിവ് വളർത്തുക

**പ്രവർത്തനങ്ങൾ**

കുട്ടികളെ കൊണ്ട് അക്ഷരം എഴുതിപ്പിച്ച് അക്ഷരം അറിയാത്തവർക്ക് എഴുതി കൊടുത്ത് പഠിപ്പിച്ചു.പിന്നീട് ചെറിയ ചെറിയ വാക്കുകൾ പഠിപ്പിക്കുകയും, വക്കുകൾ പഠിചെന്ന് ഉറപ്പിച്ച ശേഷം വക്യങ്ങളിലേക്ക് എത്തിക്കുന്നു.കേട്ടെഴുതുകൾ നടത്തി പഠന നിലവാരം മനസ്സിലാക്കി വിശകലനം ചെയ്യുന്നു. എന്തെങ്കിലും പരിമിതികൾ ഉണ്ടെങ്കിൽ പരിഹരിക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ തയാറാക്കുന്നു.

**കാലം :** ആഴ്ചയിൽ ഒരു പിരീടിന്റെ അവസാന 15 മിനിറ്റ് ( ജൂൺ - ജൂലൈ)

**ചുമതല :** ഭാഷ അധ്യാപിക,കുട്ടികൾ

**പ്രവർത്തനം 2 يعرف عن اللغة العربية**

കുട്ടികൾക്ക് അറബിക് ഭാഷയെ കുറിച്ചും അതിന്റെ ഉത്ഭവത്തെ കുറിച്ചും മനസ്സിലാക്കി കൊടുകുന്നു.

**പ്രവർത്തനം**

അറബിക് ഭാഷ ആത്മകഥ പറയുന്ന പോലെ കുട്ടികൾക്ക് മുന്നിൽ അവതരിപ്പിക്കുന്നു.

കാലം : ജൂൺ - ജൂലൈ (ഒരു മാസം)

ചുമതല: അധ്യാപിക

**പ്രവർത്തനം 3 الآباء اللغة العربية**

അറബിക് സാഹിത്യകാരന്മാർ - കുട്ടികൾക്ക് അറബിക് സാഹിത്യകാരെയും കൃതികളെയും മനസ്സിലാക്കി കൊടുക്കുന്നു.

**പ്രവർത്തനങ്ങൾ**

കുട്ടികൾക്ക് അറിയാവുന്ന അറബിക് സാഹിത്യകാരൻമാരെ ആദ്യം പരിചയപ്പെടുത്തുന്നു.അവരെ കുറിച്ച് അറിയുന്നത് ചാർട്ടിൽ എഴുതി ക്ലാസിൽ വായിക്കുന്നു തുടർന്ന് വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന സാഹിത്യകാരന്മാരും , സമകാലിക സാഹിത്യകാരൻമാരെയും പരിചയപ്പെടുത്തുന്നു.

**കാലം :** മാസത്തിൽ 2ദിവസം

**ചുമതല :** അധ്യാപിക, കുട്ടികൾ

**പ്രവർത്തനം 4 വ്യക്തിഗത വിവരങ്ങൾ (بيانات الشخصية)**

കുട്ടികളെ ബയോഡാറ്റ എഴുതുവാൻ പഠിപ്പിക്കുന്നു.

**പ്രവർത്തനങ്ങൾ**

കുട്ടികളുടെ വ്യക്തിഗത വിവരങ്ങൾ എഴുതുവാൻ പഠിപ്പിക്കുകയും തുടർന്ന് സാഹിത്യകാരന്മാരുടയും പല മേഖലകളിൽ പ്രശസ്തി നേടിയവരുടെയും ബയോഡാറ്റ എഴുതുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു

**കാലം :** 1മാസം

**ചുമതല:** അധ്യാപിക

**പ്രവർത്തനം 5 വ്യാകരണം മനസ്സിലാക്കൽ النحو البلاغة**

കുട്ടികൾക്ക് അറബിക് ഭാഷ സംസാരിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. കുട്ടികൾക്ക്n(ضمير) സർവനാമവും അത് എങ്ങനെ ഉപയോഗിക്കുന്നുവെന്നും പിന്നീട് വാക്യങ്ങൾ എങ്ങനെ പറയാമെന്നും പഠിപ്പിക്കുന്നു.ചെറിയ വാക്യങ്ങളിൽ തുടങ്ങി സംസരികുവാനുള്ള ശേഷി കുട്ടികളിൽ വളർത്തുന്നു. കുറ്റികൾ പരസ്പരം അറബിക് ഭാഷയിൽ സംസാരിക്കുവാൻ ആവശ്യപ്പെടുന്നു.കഴിഞ്ഞ ക്ലാസിൽ പഠിപ്പിച്ചത് കുട്ടികൾക്ക് അറബിയിൽ തന്നെ ഓർമപ്പെടുത്തുന്നു.

**കാലം:** ജൂൺ മുതൽ മാർച്ച് വരെ

**ചുമതല:** അധ്യാപിക

**പ്രവർത്തനം 6 സഹിത്യപ്രവർത്തനങ്ങൾ (الادب)**

കുട്ടികളിലെ സാഹിത്യ സൃഷ്ടികൾ പ്രോത്സാഹിപ്പിക്കൽ, കുട്ടികളിലെ സർവാത്മക രചനകൾ പ്രോത്സാഹിപ്പിക്കുന്നു.

**പ്രവർത്തനങ്ങൾ**

കുറ്റികൾ അവർ രചിച്ച അറബിക് ഭാഷയിലുള്ള സൃഷ്ടികൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് വേണ്ടുന്ന പ്രോത്സാഹനം നൽകുന്നൂ.

**കാലം:** ആഴ്ചയിൽ ഒരു ദിവസം

**ചുമതല:** അധ്യാപിക, കുട്ടികൾ

**പ്രവർത്തനം 7: അന്താരാഷ്ട്ര അറബിക് ഭാഷ ദിനം( اليوم العالمي اللغة العربية)**

**പ്രവർത്തനങ്ങൾ**

ഡിസംബർ 18 അന്താരാഷ്ട്ര അറബിക് ഭാഷ ദിനം കുട്ടികളെ ഓർമ്മിപ്പിക്കുന്നു.അതിനായി കുട്ടികൾക്ക് അറബിക് ഭാഷയെ അറിയുന്നതും, കൂടാതെ അവരുടെ രചനകളും ചാർട്ടിൽ എഴുതി കൊണ്ടുവരാൻ ആവശ്യപ്പെടുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു.കുട്ടികൾക്ക് അറബിക് ഭാഷയും സാഹിത്യ രചനകളും, അറബിക് ഭാഷയുടെ സ്വാധീനം മറ്റുള്ള രാജ്യങ്ങളിൽ ഉള്ളതും മനസ്സിലാക്കി കൊടുക്കുന്നു.അന്താരാഷ്ട്ര അറബിക് ദിനം കുട്ടികൾ ഓർക്കുകയും ചെയ്യുന്നു.

**കാലം:** ഡിസംബർ

**ചുമതല :** അധ്യാപിക, കുട്ടികൾ

**പ്രവർത്തനം 8 തർജ്ജിമ (ترجم)**

**പ്രവർത്തനങ്ങൾ**

കുട്ടികൾക്ക് ഭാഷ ഉപയോഗിക്കുവാൻ വേണ്ടി ചെറിയ വാക്യങ്ങൾ, മഹാന്മാരുടെ മഹത്വചനങ്ങൾ,പഴഞ്ചൊല്ലുകൾ , വാർത്തകൾ തുടങ്ങിയവ തർജ്ജിമ ചെയ്യുന്നു. കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.

**കാലം:** മാസത്തിൽ ഒരു ദിവസം

**ചുമതല:** അധ്യാപിക,കുട്ടിക

## English (H.S. Section)

### Introduction

English language is the medium of communication, so the main focus is to enable the learners use language effectively according to the situation, to enhance the communication skill of the learners though English is the universal language, to make the learners aware of all the poetic devices in English.

### Aim

1. To enable the learners to share the ideas confidently.
2. To give the learners more chances to present their activities in English.
3. Enable the learners for self-reading and self-writing.
4. Prepare them for dramatization.
5. Enable the learners for recitation and poem writing.

### Activities

1. Spoken English class
2. English corner
3. Modification of English library
4. English assembly
5. Conducting seminar
6. Exhibition of film scenes
7. "KNOW A WORD" programme.
8. Audio and display of news headlines.
9. English skit
10. Puppet show based on lessons.

### Learning Outcomes

- Tried their best to prepare script for dramatization.
- Ready to prepare appreciation and poem writing in competitions.
- Actively participated in Role plays and seminar.

## ഹിന്ദി (ഹൈസ്കൂൾ വിഭാഗം)

### ആമുഖം

ആഗോള പ്രാധാന്യമുള്ള ഒരു ഭാഷയാണ് ഹിന്ദി. സാംസ്കാരിക ധാരണയും സഹകരണവും വള ർത്തിയെടുക്കാൻ ഹിന്ദി ഭാഷ സഹായിക്കുന്നു. ഹിന്ദി പഠിക്കുന്നത് കൊണ്ട് ഇന്ത്യൻ സംസ്കാരം, പാരമ്പര്യങ്ങൾ,ജീവിതരീതി എന്നിവ നന്നായി മനസ്സിലാക്കാൻ സഹായിക്കുന്നു.

### പൊതുവായ ലക്ഷ്യങ്ങൾ.

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷവും ആക്കി മാറ്റാനുള്ള
- പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

**ക്ലാസ് : എട്ട്**
**പ്രവർത്തനം-1**
**ലക്ഷ്യം**

- അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു.
- ഉച്ചാരണം പരിചയപ്പെടുത്തുന്നു.
- അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു.

**പ്രവർത്തനങ്ങൾ.**

- അക്ഷരമാല അടങ്ങിയ കാർഡുകൾ നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.
- ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതൽ പരിചയപ്പെടുത്തുന്നു.

**കാലാവധി : .ജൂൺ,ജൂലൈ**
**പ്രവർത്തനം-2**
**ലക്ഷ്യം**

- ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു.

**പ്രവർത്തനങ്ങൾ.**

- ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനം തീയതി ഹിന്ദിയിൽ എഴുതാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു.ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു.

**കാലാവധി :** ഓഗസ്റ്റ് സെപ്റ്റംബർ
**പ്രവർത്തനം-3**
**ലക്ഷ്യം**

- ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.
- വായനാ പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.
- കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു.

**പ്രവർത്തനം.**

- കേട്ടെഴുത്ത് പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു.
- ചിത്രകഥ കാർട്ടൂൺ ചെറു കവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു

**കാലാവധി :** ഡിസംബർ, ജനുവരി
**ചുമതല:** ഹിന്ദി അധ്യാപകർ.

**ക്ലാസ് : ഒൻപത്**
**പ്രവർത്തനം-1**
**ലക്ഷ്യം**

- ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു.

**പ്രവർത്തനങ്ങൾ.**

- വർക് ഷീറ്റുകൾ നൽകുന്നു, ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു.

കാലം..
ഹ്രസ്വം. ജൂൺ,ജൂലൈ
**ചുമതല:** ഹിന്ദി അധ്യാപകർ.

**പ്രവർത്തനം-2**

**ലക്ഷ്യം**

- നാമം സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു, വാക്യ ഘടന പരിചയപ്പെടുത്തുന്നു ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാൻ അറിയുന്നു.

പ്രവർത്തനങ്ങൾ.

- ചാർട്ടുകൾ നൽകുന്നു അതിൽനിന്നും സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു കവിത കഥാ പൂരിപ്പിക്കാൻ നൽകുന്നു സൂചന ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു.

**കാലാവധി :** ഓഗസ്റ്റ്, സെപ്റ്റംബർ

**ചുമതല:** ഹിന്ദി അധ്യാപകർ.

**പ്രവർത്തനം-3**

**ലക്ഷ്യം**

- പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു.

**പ്രവർത്തനങ്ങൾ.**

- പോസ്റ്ററിന്റെ മോഡൽ നൽകുന്നു വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണയം നടത്തുന്നു ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുവാൻ പറയുന്നു.

**കാലാവധി :** നവംബർ,ഡിസംബർ,

**ചുമതല:** ഹിന്ദി അധ്യാപകർ.

**ക്ലാസ് : പത്ത്**

**പ്രവർത്തനം-1**

**ലക്ഷ്യം**

- കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളുടെ ഭാഷാ വസ്തുക്കളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു.

**പ്രവർത്തനങ്ങൾ.**

- നാടകം വേദിയിൽ അവതരിപ്പിക്കുന്നു, സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കാൻ പറയുന്നു.

**കാലാവധി :** ജൂൺ, ജൂലൈ

**ചുമതല:** ഹിന്ദി അധ്യാപകർ.

**പ്രവർത്തനം-2**

**ലക്ഷ്യം**

- സാഹിത്യാ അഭിരുചി വളർത്തുക ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

**പ്രവർത്തനങ്ങൾ**

- പദ്യം ചൊല്ലൽ കഥ,കവിത പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു.

**കാലാവധി :** ഓഗസ്റ്റ്,സെപ്റ്റംബർ, ഒക്ടോബർ

**ചുമതല:** ഹിന്ദി അധ്യാപകർ.

**പ്രവർത്തനം-3**

**ലക്ഷ്യം**

- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു കഥയെ തിരക്കഥയായി മാറ്റുവാൻ അറിയുന്നു സ്വഭാവസവിശേഷതകളി ന്മേൽ കുറിപ്പ് തയ്യാറാക്കാൻ അറിയുന്നു,ഡയറി എഴുതുവാൻ അറിയുന്നു.

**പ്രവർത്തനങ്ങൾ.**

- പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു കഥാപാത്രത്തിനെ ആസ്പദമാക്കി ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.എല്ലാദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു.

**കാലാവധി :**നവംബർ, ഡിസംബർ, ജനുവരി
**ചുമതല:** ഹിന്ദി അധ്യാപകർ**.**

## സാമൂഹ്യ ശാസ്ത്രം (ഹൈസ്കൂൾ വിഭാഗം)

**ആമുഖം**

കുട്ടികളിൽ ചരിത്രബോധം വളർത്തുന്നതിനും തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്ര പഠനം നടത്തുന്നതിനും ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ സൃഷ്ടിക്കുന്നു. ജനാധിപത്യബോധം പൗരബോധം സാമൂഹിക അവബോധം സഹജീവികളോട് അനുഭാവം എന്നിവ സൃഷ്ടിക്കുന്നതിന് സാമൂഹ്യ ശാസ്ത്ര പഠനം സഹായകമാകുന്നു

ഭൗമ ശാസ്ത്ര പഠനം വിവിധ ഭൂരൂപങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത കുട്ടികളിൽ എത്തിക്കുന്നു. കൂടാതെ ചിട്ടയായ സാമ്പത്തിക അവബോധം രൂപപ്പെടുത്തുന്നതിനും സഹായകമാകുന്നു

**ലക്ഷ്യം**

- പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റുക
- ജനാധിപത്യം പൗരബോധം മൂല്യബോധം ഇവ വളർത്തിയെടുക്കുക
- മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തിയെടുക്കുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക
- ഭൂപട വായന സ്ഥാനനിർണയം
- പൊതുവിജ്ഞാനം വളർത്തുക
- വിവിധ ഭൗമ സവിശേഷതകളുടെ പരിപാലനം
- സാമൂഹ്യശാസ്ത്ര അവബോധം
- മതേതരത്വം സഹിഷ്ണുത
- ചരിത്ര അവബോധം രൂപപ്പെടുത്തുന്നു
- പൗരബോധം മൂല്യബോധം

**പ്രവർത്തനങ്ങൾ**

- ഫീൽഡ് ട്രിപ്പ്
- സംവാദം ചർച്ച
- ഭൂപട വായന
- ദിനചാരണങ്ങൾ, വീഡിയോ പ്രദർശനം
- സാമൂഹ്യശാസ്ത്ര ലാബുകളുടെ ക്രമികരണം
- ആകാശകാഴ്ചകൾ
- സർവ്വേ, പ്രൊജക്റ്റ്
- അഗതി മന്ദിര സന്ദർശനം. ശുചിത്വ ബോധം

## ഫിസിക്സ് - (ഹൈസ്കൂൾ വിഭാഗം)

**ആമുഖം**

കുട്ടികളിൽ ശാസ്ത്ര ബോധം വളർത്തേണ്ടത് ഏറ്റവും അത്യാവശ്യമാണ്. അതിനായി അവരിൽ യുക്തി ബോധവും നിരീക്ഷണ പാഠവും ഉണ്ടാവണം. ആധുനിക ജീവിതം സാധ്യമാവുന്നത് ശാസ്ത്രത്തിന്റെ വളർച്ചയിലൂടെ മാത്രമാണ്. അതിനായി അവർ പരീക്ഷണത്തിൽ ഏർപ്പെടുകയും പുതിയ കണ്ടെത്തലുകൾ നടത്താൻ പ്രാപ്തരാവുകയും വേണം.

**പ്രവർത്തനം - 1- ശാസ്ത്ര പരീക്ഷണങ്ങൾ നടത്തി മോഡലുകൾ തയ്യാറാക്കാൻ**

**ലക്ഷ്യം-** കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ.
**പ്രവർത്തനം-** ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ ഉള്ള കുട്ടികളുടെ അവതരണം- പരീക്ഷണ കളരി
**കാലയളവ്-** വർഷത്തിൽ 1 തവണ
**ചുമതല-** സയൻസ് ക്ലബ്ബ്

**പ്രവർത്തനം – 2 ശാസ്ത്രലാബ് നവീകരണം**

**ലക്ഷ്യം -** ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽ
**പ്രവർത്തനം-** Physics, Chemistry, biology എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റു സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ
**കാലയളവ്-** ജനുവരി മുതൽ 1 മാസം
**ചുമതല-** സയൻസ് ടീച്ചേഴ്സ്

**പ്രവർത്തനം-3 പഠന പിന്നോക്ക പരിശീലനം**

**ലക്ഷ്യം-** പഠന പിന്നോക്ക അവസ്ഥയിൽ ഉള്ള കുട്ടികളുടെ പരിശീലനം
**പ്രവർത്തനം-** അധ്യാപകൻ - കുട്ടി, കുട്ടി- കുട്ടി (പേർ group) എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം
**കാലയളവ്-** ആഴ്ചയിൽ 2 ദിവസം
**ചുമതല -** SRG, സയൻസ് ടീച്ചർ.

**പ്രവർത്തനം-4 ശാസ്ത്ര മാസിക തയ്യാറാക്കൽ**

**ലക്ഷ്യം -** ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ
**പ്രവർത്തനം-** കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ,ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ പ്രയോജനപ്പെടുത്തി ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കാൻ
**കാലയളവ്-** 6 മാസത്തിലൊരിക്കൽ ( ദീർഘകാല പ്രവർത്തനം )
**ചുമതല -**SRG, ഭൗതിക ശാസ്ത്ര ടീച്ചർ

**പ്രവർത്തനം-5 ദിനാചരണം- ചാന്ദ്രദിനം**

**ലക്ഷ്യം-** ചാന്ദ്രദിനാചരണം
**പ്രവർത്തനം-** ജൂലൈ 21 ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം, Neil Armstrong എന്ന ശാസ്ത്രജ്ഞന്റെ ജീവചരിത്രക്കുറിപ്പ് വായന, പോസ്റ്റർ പതിപ്പ് എന്നിവ തയ്യാറാക്കൽ.
**കാലയളവ്-** July മാസം
**ചുമതല -** ഭൗതികശാസ്ത്ര അധ്യാപകർ

**രസതന്ത്രം - (ഹൈസ്കൂൾ വിഭാഗം)**

**Aim: To make leaners more interest in chemistry**

**Activities**

1.Make a science club
2.celebrate important science days in school
3.conduct science fair

**Duration : Throughout the year**

**Aim: Identifying and differentiating atoms and molecules**
**Activities**

1. Make ball &stick models of different type molecules
2. Teacher make group work and give each group for different molecular structure

**Duration: June**

**Aim: Understanding about the importance of periodic table**
**Activities**

1.make a science album contains to each scientist in the growth of periodic table
2.make a periodic table with the help of science club
3.audio - visual presentation
4.conducting seminar as a group work

**Duration: Throughout the year**

**Aim: Understanding nomenclature of hydrocarbons**
**Activities**

1.make ball and stick model and identifying the valencies of carbon in each type

**Aim: Make science as an interesting subject**
**Activities**

1.condicing science related lab activities
2.conducting science fun activities at home and teacher gave instructions
3.make a science kit with the help of science club

**Duration: Throughout the year**

**ബയോളജി - (ഹൈസ്കൂൾ വിഭാഗം)**

പാഠ്യപദ്ധതിയുമായി കൂട്ടിച്ചേർക്കുക - ഓരോ പ്രവർത്തിയും ആ മാസം പഠിപ്പിക്കുന്ന അധ്യായത്തോടൊപ്പം ആസൂത്രണം ചെയ്യുക. വിദ്യാർത്ഥികളെ നേതൃത്വം നൽകാൻ പ്രോത്സാഹിപ്പിക്കുക, വിദ്യാർത്ഥികൾക്ക് സംഘാടകൻ ഡോക്യുമെന്റേഷൻ ക്ലബ് സെക്രട്ടറി തുടങ്ങിയ റോളുകൾ നൽകുക, ഓരോ പ്രവർത്തനത്തിന്റെയും ലഘു റിപ്പോർട്ടുകൾ ഫോട്ടോകൾ റിസർട്ടുകൾ തുടങ്ങിവ തയ്യാറാക്കുക.

**പ്രവർത്തനം:1**
**ലക്ഷ്യം - പരിസ്ഥിതി ബോധവത്ക്കരണം**

- പരിസ്ഥിതി ദിനത്തിൽ സ്കൂൾ പരിസരത്ത് മരത്തൈ നട്ടു പിടിപ്പിക്കൽ, പൂന്തോട്ട നിർമ്മാണം

**കാലയളവ് -** ജൂൺ
**ചുമതല -** സയൻസ് ടീച്ചേഴ്സ്,കുട്ടികൾ

**പ്രവർത്തനം:2**
**ലക്ഷ്യം - മാലിന്യമുക്ത - ആരോഗ്യ ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം.**

- മഴക്കാല ശുചീകരണം - സ്കൂൾ വൃത്തിയാക്കൽ, ജൈവമാലിന്യം ജൈവമാലിന്യം വേർതിരിച്ചറിയുക, മാലിന്യം വലിച്ചെറിയുന്നത് തടയുക. ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട സയൻസ് ക്ലാസ് ( ഫാസ്റ്റ് ഫുഡ്)

**കാലയളവ് -** ജൂൺ - മാർച്ച്
**ചുമതല -** സയൻസ് ടീച്ചേഴ്സ്,കുട്ടികൾ

**പ്രവർത്തനം:3**
**ലക്ഷ്യം - ശാസ്ത്ര ലാബിന്റെ നവീകരണം**

- വിവിധ ഉപകരണങ്ങൾ ചാർട്ടുകൾ മോഡലുകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കുക, ലാബ് സുരക്ഷാ പരിശീലനം മൈക്രോസ്കോപ്പ് പരിചയം.

**കാലയളവ് -** ജൂൺ - ഓഗസ്റ്റ്
**ചുമതല -** സയൻസ് ടീച്ചേഴ്സ്, കുട്ടികൾ

**പ്രവർത്തനം:4**
**ലക്ഷ്യം - അന്യമായി കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയുവാനുള്ള അവസരം**

- സ്കൂൾ ക്യാമ്പസിൽ പച്ചക്കറി തോട്ടം, ഔഷധത്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കുക.
- ശാസ്ത്രീയ നാമം പ്രാദേശിക നാമം വർഗീകരണം മുതലായവ രേഖപ്പെടുത്തി "പ്രകൃതി തന്നെ പാഠപുസ്തകമായി മാറുന്നു ".

**കാലയളവ്  -** സെപ്റ്റംബർ - മാർച്ച്
**ചുമതല -** സയൻസ് ടീച്ചേഴ്സ് കുട്ടികൾ

**പ്രവർത്തനം:5**
**ലക്ഷ്യം - ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ**

- കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ,ലേഖനങ്ങൾ, കവിതകൾ,തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര പതിപ്പ് തയ്യാറാക്കുക.

**കാലയളവ് -** ജൂൺ - ഫെബ്രുവരി
**ചുമതല -** സയൻസ് ടീച്ചേഴ്സ്,കുട്ടികൾ

**പ്രവർത്തനം:6**
**ലക്ഷ്യം - അറിവ് മികവ് പരീക്ഷിക്കൽ**

- രണ്ടുമാസത്തിലൊരിക്കൽ ബയോളജി ക്വിസ്

**കാലയളവ് -** ജൂൺ - മാർച്ച്
**ചുമതല -** സയൻസ് ടീച്ചേഴ്സ്,കുട്ടികൾ

**പ്രവർത്തനം:7**
ലക്ഷ്യം - കരിയർ ബോധവൽക്കരണം

- ജീവശാസ്ത്രത്തിൽ ജോലി അവസരങ്ങൾ ഇവയെക്കുറിച്ച് മനസ്സിലാക്കുന്നതിന് വേണ്ടി ബോധവൽക്കരണ ക്ലാസ്.

**കാലയളവ് -** ജനുവരി
**ചുമതല -** സയൻസ് ടീച്ചേഴ്സ്,കുട്ടികൾ

## ഗണിതം (ഹൈസ്കൂൾ വിഭാഗം)

### ആമുഖം

ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് ഗണിതം. ദൈനംദിന ജീവിതത്തിൽ ഗണിതത്തിന് വലിയ പങ്കുണ്ട്. ഗണിതശാസ്ത്രം എന്നത് സംഖ്യകൾ, അളവുകൾ,രൂപങ്ങൾ, ബന്ധങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനമാണ്.

ഗണിതക്രിയകൾ കുട്ടികളിൽ സൂക്ഷ്മതയും കൃത്യതയും വളർത്തുന്നു. ചെറിയ തെറ്റുകൾ പോലും വലിയ പ്രശ്നങ്ങളിലേക്ക് കൊണ്ടെത്തിക്കും എന്ന് തിരിച്ചറിവ് കുട്ടികളിൽ ഉണ്ടാക്കുന്നു. ഗണിതത്തിലെ പല ആശയങ്ങളും കുട്ടികളുടെ സർഗാത്മക ചിന്തകളെ ഉത്തേജിപ്പിക്കുന്നു. ഗണിതക്രിയകൾ കുട്ടികളിൽ യുക്തിപരമായ ചിന്ത വളർത്തുന്നു. ഒരു പ്രശ്നത്തെ എങ്ങനെ സമീപിക്കണം ഏതു വഴിയിലൂടെ പരിഹരിക്കണം എന്നൊക്കെയുള്ള കാര്യങ്ങൾ കുട്ടികൾ പഠിക്കുന്നു. ഗണിതക്രിയകൾ കുട്ടികളിൽ പ്രശ്നങ്ങളെ എങ്ങനെ മനസ്സിലാക്കി പരിഹരിക്കണം എന്ന കഴിവ് വളർത്തുന്നു. ഗണിത പഠനം കുട്ടികളിൽ വിവരങ്ങളെ വിശകലനം ചെയ്യാനും ശരിയായ നിഗമനങ്ങളിൽ എത്താനും സഹായിക്കുന്നു.

പ്രവർത്തനം 1

**ലക്ഷ്യം : ചതുഷ്ക്രിയകൾ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക**

- ❖ കുട്ടികളുടെ പഠനനിലവാരം മനസ്സിലാക്കാൻ പ്രീ ടെസ്റ്റ് നടത്തുന്നു.
- ❖ പഠന പിന്തുണ ആവശ്യമായ കുട്ടികൾക്ക് പ്രവർത്തനങ്ങൾ നൽകുന്നു.
- ❖ വീണ്ടും ടെസ്റ്റുകൾ നടത്തി പോരായ്മകൾ കണ്ടെത്തി പരിഹാര പ്രവർത്തനങ്ങൾ നൽകുന്നു.

**കാലയളവ് -** ജൂൺ മുതൽ മാർച്ച് വരെ

**പ്രവർത്തനം 2 - ഗണിത ക്ലബ്ബ് ശാക്തീകരണം** - .

- ❖ കുട്ടികളെ ഉൾപ്പെടുത്തി ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു.
- ❖ ഗണിതത്തിൽ താല്പര്യം വർദ്ദിപ്പിക്കുന്നതിനായ ചാർട്ട് നിർമ്മാണ മത്സരം, മോഡൽസ് നിർമ്മാണ മത്സരം, പസിലുകൾ, ഗെയിമുകൾ, ക്വിസ് മത്സരം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു.

**കാലയാളവ് -** ജൂൺ മുതൽ മാർച്ച് വരെ

**ചുമതല -** കുട്ടികൾ അധ്യാപകർ,പിടിഎ

**പ്രവർത്തനം 3- ദിനാചരണങ്ങൾ**

- ❖ ജൂലൈ 19 പാസ്ക്കൽസ് ഡേ, ജൂലൈ 24 പൈ ഡേ, ജൂലൈ 11 ലോക ജനസംഖ്യാദിനം, ഡിസംബർ 22,ലോക ഗണിത ശാസ്ത്ര ദിനം എന്നിങ്ങനെയുള്ള ദിനങ്ങൾ ചാർട്ടുകൾ നിർമ്മിച്ചും, ക്ലാസുകൾ നടത്തിയും, അന്നേ ദിവസത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നു.

**കാലയളവ്-** ജൂൺ മുതൽ മാർച്ച് വരെ

**ചുമതല -** അധ്യാപകർ കുട്ടികൾ

**പ്രവർത്തനം 4-ഗണിത മേളകളിൽ പങ്കെടുക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക**

- ❖ നമ്പർ ചാർട്ട് നിർമ്മാണം, ജോമട്രിക്കൽ ചാർട്ട് നിർമ്മാണം, പസിൽസ്, ഗെയിമുകൾ, മോഡൽസ് നിർമ്മാണം, മാഗസിൻ നിർമ്മാണം എന്നിങ്ങനെയുള്ള മത്സരങ്ങൾ സ്കൂൾതലത്തിൽ നടത്തി വിജയികൾക്ക് സമ്മാനം നൽകി സബ്ജില്ലാ ഗണിതശാസ്ത്രമേളയിൽ പങ്കെടുപ്പിക്കുവാൻ പ്രാപ്തരാക്കുന്നു.

**കാലയളവ്-** ജൂൺ മുതൽ ഡിസംബർ വരെ

**പ്രവർത്തനം 5 - പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കാൻ പ്രാപ്തരാക്കുക**

- ❖ മുൻ വർഷത്തെ ചോദ്യപേപ്പറുകൾ പരിശീലിപ്പിക്കുന്നു, അധിക ക്ലാസുകൾ സംഘടിപ്പിക്കുന്നു. ടെസ്റ്റുകൾ നടത്തി ആവശ്യമായ പരിശീലനം നൽകുന്നു.NMMS പരീക്ഷയ്ക്ക് വേണ്ടുന്ന പരിശീലനം നൽകുന്നു

**കാലയളവ്-** ജൂൺ മുതൽ മാർച്ച് വരെ

**ചുമതല-** അധ്യാപകർ, കുട്ടികൾ

**ആരോഗ്യ കായിക വിദ്യാഭ്യാസം (ഹൈസ്കൂൾ & യു പി വിഭാഗം)**

**ആമുഖം**

വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവുമായ വികസനത്തിനായി ശാരീരിക വിദ്യാഭ്യാസം അത്യാവശ്യമാണ്. ആരോഗ്യകരമായ ശരീരം, സംഘാഭാവം, കായിക മനോഭാവം, നേതൃത്വഗുണം, സാമൂഹിക ഉത്തരവാദിത്തബോധം എന്നിവ വളർത്തുന്നതിനാണ് സ്കൂളുകളിൽ ശാരീരിക വിദ്യാഭ്യാസം ലക്ഷ്യമിടുന്നത്.

**പ്രവർത്തനം – 1 : ദിനചര്യ വ്യായാമവും യോഗ പരിശീലനവും**

**ലക്ഷ്യം:** വിദ്യാർത്ഥികളിൽ ആരോഗ്യ ബോധവും മാനസിക സമത്വവും വളർത്തുക.

**പ്രവർത്തനം :**

അസംബ്ലിക്ക് മുമ്പ് 10 മിനിറ്റ് exercise / breathing practice
ആഴ്ചയിൽ 1 മണിക്കൂർ യോഗ പരിശീലനം
International Yoga Day (June 21) ആഘോഷിക്കൽ

**കാലയളവ്** : മുഴുവൻ അധ്യയന വർഷം

**ചുമതല :** Physical Education Teacher, Health Club

**പ്രവർത്തനം – 2 : സ്കൂൾ ഇൻട്രാമുറൽ സ്പോർട്സ് മീറ്റ്**

**ലക്ഷ്യം :** സംഘാഭാവവും കായിക മനോഭാവവും വളർത്തുക.

**പ്രവർത്തനം :**

Football, Volleyball, Kho-Kho, Kabaddi, Athletics മത്സരങ്ങൾ
House-wise competitions (boys & girls)
Best Player, Fair Play Award നൽകി പ്രോത്സാഹിപ്പിക്കൽ

**കാലയളവ് :** ഒക്ടോബർ – നവംബർ

**ചുമതല :** Physical Education Dept., Sports Club

**പ്രവർത്തനം – 3 : ആരോഗ്യ ബോധവത്കരണ ക്യാമ്പെയ്ൻ**

**ലക്ഷ്യം :** ആരോഗ്യകരമായ ജീവിത ശൈലിയും ഭക്ഷണ ശീലങ്ങളും വളർത്തുക.

**പ്രവർത്തനം :**

Health Talk (doctors/health inspector resource persons)
Balanced Diet & Hygiene awareness seminar
"Healthy Food Day" – junk food ഒഴിവാക്കി പച്ചക്കറി/ഫ്രൂട്ട്സ് only

**കാലയളവ് :** ജനുവരി

**ചുമതല :** PE Teacher, Health Club, Science Club

**പ്രവർത്തനം – 4 : Adventure & Leadership Training**

**ലക്ഷ്യം :** നേതൃത്വഗുണം, ആത്മവിശ്വാസം, ഉത്തരവാദിത്തബോധം വളർത്തുക.

**പ്രവർത്തനം :**

One-day Adventure Camp / Nature Walk
Cycling expedition, trekking, rope climbing, first aid training
NCC/SPC/Scout-Guide സഹകരണത്തോടെ പ്രവർത്തനം

**കാലയളവ് :** ഫെബ്രുവരി – മാർച്ച്

**ചുമതല :** NCC Officer / SPC / Scout-Guide Coordinator, PE Teacher

**പ്രവർത്തനം – 5 : ദിനാചരണം – ദേശീയ കായികദിനം**

**ലക്ഷ്യം:**ഇന്ത്യൻ കായിക ചരിത്രത്തെ കുറിച്ച് വിദ്യാർത്ഥികളിൽ ബോധവൽക്കരണം.

**പ്രവർത്തനം :**

August 29 (Major Dhyan Chand's birthday) – National Sports Day
Quiz competition, poster preparation, role play (great sports personalities)
Mini Sports Fest (100m race, long jump, relay)

**കാലയളവ് :** ആഗസ്റ്റ്
**ചുമതല :** Physical Education Teacher, Sports Club

ഇതിലൂടെ

- **ആരോഗ്യവും ഫിറ്റ്നസ്സും (Health & Fitness)**
- **സംഘാഭാവവും കായിക മനോഭാവവും (Team Spirit & Sportsmanship)**
- **മാനസികാരോഗ്യം (Mental Health)**
- **നേതൃഗുണം (Leadership Skills)**
- **സാമൂഹിക ഉത്തരവാദിത്തം (Social Responsibility)**

എന്നിവയെ കുട്ടികളിൽ വളർത്തുന്നു.

**തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം (ഹൈസ്കൂൾ & യു പി വിഭാഗം)**

**പ്രവർത്തനം1**

**ലക്ഷ്യം :** കാർഷിക മേഖലയിലെ വിവിധ നൂതന സാങ്കേതികവിദ്യകളെ കുറിച്ച് മനസ്സിലാക്കുക.

**പ്രവർത്തനം**

വിവിധതരം പച്ചക്കറി കൃഷി, അലങ്കാര ചെടി വച്ച് പിടിപ്പിക്കൽ, ബൊക്കെ നിർമ്മാണം.

**കാലയളവ് :** ജൂൺ, ജൂലൈ,ഓഗസ്റ്റ്
**ചുമതല :** വർക്ക് ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ.
**സാമ്പത്തികം :** 3000/-
**പിന്തുണ :** പിടിഎ,എസ് ആർ ജി, വർക്ക് ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ.

**പ്രവർത്തനം 2**

**ലക്ഷ്യം :** പാഴ് വസ്തു പരിപാലനത്തിലൂടെ കരകൗശല വസ്തുക്കളുടെ നിർമ്മാണം.

**പ്രവർത്തനം**

പ്ലാസ്റ്റിക് മാലിന്യത്തിനെതിരെയുള്ള സാമൂഹ്യപ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളിയാക്കുന്നു. ഉപയോഗശൂന്യമായ വസ്തുക്കളിൽ നിന്നും ഉപയോഗയോഗ്യമായ വസ്തുക്കളുടെ നിർമ്മാണം.

**കാലയളവ് :** സെപ്റ്റംബർ, ഒക്ടോബർ, നവംബർ.
**ചുമതല :** വർക്ക് ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ.
**സാമ്പത്തികം :** 2000/-
**പിന്തുണ :** പിടിഎ, എസ് ആർ ജി,വർക്ക് ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ.

**പ്രവർത്തനം 3**

**ലക്ഷ്യം :** വ്യത്യസ്ത വസ്ത്രങ്ങളെ കൂട്ടിയിണക്കി പുതിയതരം മോഡലുകൾ രൂപപ്പെടുത്താൻ സാധിക്കുക, ഓരോ വസ്ത്രത്തിനും അനുയോജ്യമായ അളവുകൾ ഉണ്ടെന്ന് മനസ്സിലാക്കുക. വിദ്യാർഥികളിൽ തൊഴിൽ പരിചയവും സാമൂഹികപരമായ ശുചിത്വബോധം വളർത്തൽ.

**പ്രവർത്തനം**

ക്ലാസ് അനുസരിച്ചുള്ള പ്രവർത്തന നിർദ്ദേശം, പ്രവർത്തനങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം, ഡോക്യുമെന്റേഷൻ, ആഭരണങ്ങൾ, തൊപ്പി, കുട തുടങ്ങിയവയുടെ നിർമ്മാണം.

**കാലയളവ്:** ഡിസംബർ, ജനുവരി ഫെബ്രുവരി.
**ചുമതല:** വർക്ക് ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ.
**സാമ്പത്തികം :** 3000/-

**പിന്തുണ :** പിടിഎ,എസ് ആർ ജി, വർക്ക് ഇന്റഗ്രേറ്റഡ്  എഡ്യൂക്കേഷൻ

**കലാവിദ്യാഭ്യാസം (ഹൈസ്കൂൾ & യു പി വിഭാഗം)**

**പ്രവർത്തനം 1: പ്രാർത്ഥന പഠിപ്പിച്ചു**

**ലക്ഷ്യങ്ങൾ**

കുട്ടികൾ ഏകാഗ്രതയോടെ കേട്ടു പഠിക്കുന്നുണ്ടോ എന്ന് ശ്രദ്ധിച്ചു. കുട്ടികൾക്ക് പാട്ടിനോട് ഉള്ള താൽപര്യവും കഴിവും കണ്ടെത്താൻ ഇത് സഹായിച്ചു

**പിന്തുണ** പിടിഎ , എസ് ആർ ജി, കലാ അധ്യാപിക

**പ്രവർത്തനം 2**

**ലക്ഷ്യങ്ങൾ**

കുട്ടികളിൽ ട്യൂൺ ചെയ്യാനുള്ള കഴിവ് കണ്ടെത്തി

**പ്രവർത്തനം**

രണ്ടുവരി നൽകി ഇതിനെ ട്യൂൺ ചെയ്യാൻ ഏൽപ്പിച്ചു ഗ്രൂപ്പ് ആക്ടിവിറ്റിയായി ഇത് നൽകി ഓരോ ഗ്രൂപ്പും ഓരോ ഈണങ്ങൾ നൽകി, ഫൈനൽ ആയി ഒരു ഈണം ടീച്ചർ നിർദ്ദേശിച്ചു കൊടുത്തു

